# ആത്യന്തികവിലയിരുത്തൽ - III - 2025 – 26

**SET A**

## SSLC മാതൃകചോദ്യപേപ്പർ

# സാമൂഹ്യശാസ്ത്രം

**ക്ലാസ് - 10** | **സമയം** : 2½ **മണിക്കൂർ**

**ആകെ സ്കോർ** : 80

**നിർദേശങ്ങൾ**

- നിർദിഷ്ട സമയത്തിനുപുറമെ 15 മിനിറ്റ് 'സമാശ്വാസ സമയം' ഉണ്ടായിരിക്കും. ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യുവാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിനുമുമ്പ് ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിക്കുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- ചില ചോദ്യങ്ങൾക്ക് ചോയ്സുകൾ നൽകിയിട്ടുണ്ട്. അവയിൽ നിന്നും ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരമെഴുതുക.
- ഭൂപടത്തിൽ രേഖപ്പെടുത്തുന്നതിനുള്ള ചോദ്യങ്ങൾക്ക് നൽകിയിട്ടുള്ള ലോക ഭൂപടരൂപരേഖ ഉപയോഗിക്കുക.

**1 മുതൽ 8 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിനും 1 സ്കോർ വീതം**

**(8 × 1 = 8)**

1. തന്നിട്ടുള്ളവയിൽ 'a' യിലെ രണ്ട് ഭാഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധം മനസ്സിലാക്കി അതുപോലെ 'b' പൂർത്തിയാക്കുക.

   a. ഗത്താമലാത്ത : ഡൊണാടെല്ലോ

   b. പിയത്ത : ..............................

   **A.** ലിയനാർഡൊ ഡാവിഞ്ചി

   **B.** റാഫേൽ

   **C.** മൈക്കലാഞ്ചലൊ

   **D.** ടിഷ്യൻ

2. ചുവടെ നൽകിയിരിക്കുന്ന സൂചനകളിൽ നിന്നും ശരിയായ കാലാവസ്ഥാമേഖല തിരിച്ചറിഞ്ഞ് ചേരുംപടി ചേർക്കുക.

   **സൂചനകൾ**

   i. സ്തൂപികാഗ്രവൃക്ഷങ്ങൾ ധാരാളമായി കാണപ്പെടുന്ന മേഖല

   ii. വേനൽക്കാലത്ത് മാത്രമാണ് സസ്യങ്ങൾ വളരുന്നത്

   iii. ആർദ്രവും ദീർഘവുമായ വേനൽക്കാലവും വരണ്ടതും ഹ്രസ്വമായ ശൈത്യകാലവും അനുഭവപ്പെടുന്നു

   iv. വരണ്ട വേനൽക്കാലവും ആർദ്രശൈത്യകാലവും അനുഭവപ്പെടുന്നു

© State Assessment Cell, SCERT Kerala

കാലാവസ്ഥാമേഖലകൾ

a. ടൺഡ്രാമേഖല

b. മെഡിറ്ററേനിയൻ കാലാവസ്ഥാമേഖല

c. ടൈഗമേഖല

d. മൺസൂൺ കാലാവസ്ഥാമേഖല

**A.** i-c, ii-a, iii-d, iv-b
**B.** i-a, ii-b, iii-c, iv-d
**C.** i-b, ii-d, iii-a, iv-c
**D.** i-d, ii-c, iii-b, iv-a

3. സുസ്ഥിരവികസന ലക്ഷ്യങ്ങളാണ് ചുവടെ തന്നിട്ടുള്ളത്. അവയിൽ സാമ്പത്തികലക്ഷ്യം കണ്ടെത്തുക.

**A.** താങ്ങാവുന്നതും ശുദ്ധവുമായ ഊർജ്ജം

**B.** ദാരിദ്ര്യനിർമ്മാർജ്ജനം

**C.** ഗുണമേന്മയുള്ള വിദ്യാഭ്യാസം

**D.** കാലാവസ്ഥാവ്യതിയാനം

4. കോറിയോലിസ് പ്രഭാവത്തെ അടിസ്ഥാനമാക്കി ചുവടെ ചേർത്തിട്ടുള്ള പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം?

i. ഉത്തരാർധഗോളത്തിൽ കാറ്റുകൾ സഞ്ചാരദിശയുടെ വലത്തോട്ട് വ്യതിചലിക്കുന്നു.

ii. വാണിജ്യവാതങ്ങൾ ഉത്തരാർധഗോളത്തിൽ വടക്കുകിഴക്കൻ കാറ്റുകളായി വീശുന്നു.

iii. വാണിജ്യവാതങ്ങൾ ദക്ഷിണാർധഗോളത്തിൽ തെക്കുപടിഞ്ഞാറൻ കാറ്റുകളായി വീശുന്നു.

**A.** i, ii ശരി iii തെറ്റ്

**B.** i, ii തെറ്റ്, iii ശരി

**C.** എല്ലാം ശരി

**D.** എല്ലാം തെറ്റ്

5. പ്രസ്താവനകളിൽ ശരിയും തെറ്റും ഏതെന്ന് കണ്ടെത്തുക.

i. ലാഹോർ കോൺഗ്രസിന് അധ്യക്ഷത വഹിച്ചത് സുഭാഷ് ചന്ദ്രബോസാണ്.

ii. സി.ആർ.ദാസും മോത്തിലാൽ നെഹ്റുവുമാണ് സ്വരാജ് പാർട്ടിക്ക് രൂപം നൽകിയത്.

iii. ക്വിറ്റ് ഇന്ത്യാ സമരകാലത്ത് സത്താറയിൽ ചിട്ടു പാണ്ഡെയുടെ നേതൃത്വത്തിൽ ഭരണകൂടം നിലവിൽ വന്നു.

iv. 1946-ഫെബ്രുവരി 18ന് റോയൽ ഇന്ത്യൻ നേവി കലാപം ആരംഭിച്ചു.

**A.** i, ii ശരി iii, iv തെറ്റ്

**B.** i, iv ശരി, ii, iii തെറ്റ്

**C.** ii, iv ശരി, i, iii തെറ്റ്

**D.** i, iii ശരി, ii, iv തെറ്റ്

© State Assessment Cell, SCERT Kerala

6. ഇന്ത്യയിൽ ഉപഭോക്തൃ സംരക്ഷണത്തിനായി പ്രത്യേക നീതിന്യായ സംവിധാനങ്ങൾ സ്ഥാപിച്ചത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിൽ ആണ്?

**A.** 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമം

**B.** ഉപഭോക്തൃ സംരക്ഷണ നിയമം 2019

**C.** ഭക്ഷ്യ സുരക്ഷ സ്റ്റാൻഡേർഡ് ആക്ട് 2006

**D.** നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് 2013

7. A. കോളത്തിൽ തന്നിട്ടുള്ളവയ്ക്ക് അനുയോജ്യമായവ B കോളത്തിൽ നിന്നും കണ്ടെത്തുക.

| A | B |
|---|---|
| a. ലോകകാലാവസ്ഥാ സംഘടന | i) നിരായുധീകരണം |
| b. സ്റ്റോക്ക്ഹോം സമ്മേളനം | ii) അജണ്ട 21 തയ്യാറാക്കി |
| c. ഭൗമഉച്ചകോടി | iii) പരിസ്ഥിതി പരിപാലനവും വികസനവും |
| | iv) കാലാവസ്ഥാ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു |

**A.** a-ii, b-iii, c-iv
**B.** a-i, b-iii, c-ii
**C.** a-iii, b-i, c-ii
**D.** a-iv, b-iii, c-ii

8. തന്നിട്ടുള്ളവയിൽ മണ്ഡൽ കമ്മിഷനുമായി ബന്ധപ്പെട്ടവ കണ്ടെത്തുക.

i. ഒ.ബി.സി വിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിക്കുന്നതിനായി നിയമിക്കപ്പെട്ടു.

ii. രണ്ടാം പിന്നാക്ക കമ്മിഷൻ എന്നും അറിയപ്പെടുന്നു.

iii. 50% സംവരണം പിന്നാക്കക്കാർക്ക് നിർദേശിച്ചു.

iv. ബി.പി മണ്ഡൽ ആധ്യക്ഷം വഹിച്ചു.

**A.** i, ii, iv ബന്ധമുള്ളവയാണ്

**B.** i, ii, iii ബന്ധമുള്ളവയാണ്

**C.** എല്ലാം ബന്ധമുള്ളവയാണ്

**D.** i ഉം ii ഉം മാത്രം ബന്ധമുള്ളവയാണ്

**9 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ അതിൽ കൂടുതലോ വാചകങ്ങളിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 സ്കോർ വീതം** **(7 × 2 = 14)**

9. വ്യക്തിഗതപ്രശ്നങ്ങളെയും സാമൂഹിക പ്രശ്നങ്ങളെയും വിശകലനം ചെയ്യുന്നതിൽ സാമാന്യ ബോധജ്ഞാനത്തിന് നിരവധി പരിമിതികളുണ്ട്. പ്രസ്താവന സാധൂകരിക്കുക.

10. ഒരു പ്രധാന ഫോസിൽ ഇന്ധനത്തിന്റെ സവിശേഷതകളാണ് ചുവടെ നൽകിയിട്ടുള്ളത്. ഇന്ധനം ഏതെന്ന് തിരിച്ചറിഞ്ഞ് അതിന്റെ ഉപയോഗം വ്യക്തമാക്കുക.

© State Assessment Cell, SCERT Kerala

- സസ്യാവശിഷ്ടങ്ങളിൽ നിന്ന് രൂപപ്പെടുന്നു.
- ഉയർന്ന കാർബണിക സ്വഭാവം
- കറുപ്പോ തവിട്ടോ നിറങ്ങളിൽ കാണപ്പെടുന്നു

11. കച്ചവട മുതലാളിത്തത്തെയും വ്യാവസായിക മുതലാളിത്തത്തെയും താരതമ്യം ചെയ്യുക.
12. എന്താണ് നിർഭയപ്രസ്ഥാനം? ഈ പ്രസ്ഥാനം മുന്നോട്ട് വച്ച പ്രധാന ആവശ്യങ്ങൾ എന്തെല്ലാം?
13. ഒരു വിദ്യാർഥി എന്ന നിലയിൽ പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിനായി നിങ്ങൾക്ക് നൽകാൻ കഴിയുന്ന നിർദേശങ്ങൾ എഴുതുക.
14. മഹാത്മാഗാന്ധി ഇന്ത്യയിൽ പങ്കെടുത്ത ആദ്യകാല സമരങ്ങളുടെ പൊതുസവിശേഷതകൾ വ്യക്തമാക്കുക.
15. ഒരു ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം എന്നാലെന്ത്? പ്രഭവകേന്ദ്രത്തോട് ഏറ്റവും അടുത്ത് സ്ഥിതി ചെയ്യുന്ന ഭൗമോപരിതല കേന്ദ്രത്തിന്റെ പേരെന്ത്?

**16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ അതിലധികമോ വാചകങ്ങളിൽ ഉത്തരം എഴുതുക. ഓരോന്നിനും 3 സ്കോർ വീതം (8 × 3=24)**

16. രാഹുലിന്റെ അച്ഛൻ വാങ്ങി നൽകിയ സൈക്കിൾ ഒരാഴ്ച കഴിഞ്ഞപ്പോൾ കേടാവുകയും ഉപയോഗിക്കാൻ കഴിയാതെ വരികയും ചെയ്തു. കടയുടമയെ സമീപിച്ചപ്പോൾ അത് മാറ്റി നൽകാനോ റിപ്പയർ ചെയ്ത് നൽകാനോ കടയുടമ തയ്യാറായില്ല. ഒരു ഉപഭോക്താവ് എന്ന നിലയിൽ രാഹുലിന്റെ അച്ഛൻ എവിടെയാണ് പരാതി നൽകേണ്ടത്? ഈ പരാതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?
17. സമ്പത്തിന്റെ ശരിയായ വിനിയോഗമാണ് ഇംഗ്ലണ്ടിൽ വ്യാവസായികവിപ്ലവം സാധ്യമാക്കിയത്. പ്രസ്താവന സാധൂകരിക്കുക.
18. ഭൂമധ്യരേഖാകാലാവസ്ഥാമേഖലയുമായി ബന്ധപ്പെട്ട ചില വസ്തുതകളാണ് ചുവടെ നൽകിയിട്ടുള്ളത്. അവയുടെ കാരണങ്ങൾ കണ്ടെത്തി എഴുതുക.
    - പൊതുവെ ശൈത്യകാലം അനുഭവപ്പെടാറില്ല
    - ഉച്ചകഴിഞ്ഞ് മിക്കപ്പോഴും സംവഹനമഴ ലഭിക്കാറുണ്ട്
    - സസ്യജാലങ്ങൾ സമൃദ്ധമായി വളരുന്നു.

19. A) അസമത്വത്തിനും അടിച്ചമർത്തലിനുമെതിരെ നിരവധി പ്രതിരോധങ്ങൾ തീർക്കുകയും സാമൂഹിക നീതിക്കുവേണ്ടി പോരാടുകയും ചെയ്തവരാണ് ഇന്ത്യയിലെ ഗോത്രസമൂഹങ്ങൾ. ഇവർ നടത്തിയ പ്രധാന പ്രതിരോധങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക.

**അല്ലെങ്കിൽ**

B) ഇന്ത്യയുടെ സാമൂഹികവ്യവസ്ഥ നിലനിർത്തുന്നതിൽ ഭാഷയുടെ പങ്ക് വിശകലനം ചെയ്യുക

20. നിക്ഷേപങ്ങളും വായ്പ നൽകലും വാണിജ്യബാങ്കുകളുടെ പ്രവർത്തനത്തെ സ്വാധീനിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

© State Assessment Cell, SCERT Kerala

21. A) നർമ്മദാനദിയിലെ സർദാർ സരോവർ പദ്ധതിക്കെതിരായി രൂപപ്പെട്ട പ്രസ്ഥാനം ഏതെന്നും അതിന്റെ സവിശേഷതകൾ എന്തെന്നും വ്യക്തമാക്കുക.

**അല്ലെങ്കിൽ**

B) വിഘടനവാദ പ്രസ്ഥാനങ്ങൾ രാഷ്ട്രത്തിന്റെ ഐക്യത്തിന് വെല്ലുവിളിയായി മാറുന്നത് എങ്ങനെയെന്ന് വിലയിരുത്തുക.

22. രണ്ടാം ലോകയുദ്ധകാലത്ത് സുഭാഷ്ചന്ദ്രബോസിനും ഇന്ത്യൻ നാഷണൽ ആർമിക്കും (ഐ.എൻ.എ) ബ്രിട്ടീഷ് ഭരണകൂടത്തെ പ്രതിസന്ധിയിലാക്കാൻ കഴിഞ്ഞു. സമർഥിക്കുക

23. പണപ്പെരുപ്പം നിയന്ത്രിക്കുന്നതിൽ റിപ്പോ നിരക്കുകളും റിവേഴ്സ് റിപ്പോ നിരക്കുകളും വഹിക്കുന്ന പങ്ക് വിശദമാക്കുക.

**24 മുതൽ 29 വരെയുള്ള ചോദ്യങ്ങൾക്ക് നാലോ അതിലധികമോ വാചകങ്ങളിൽ ഉത്തരമെഴുതുക. 4 സ്കോർ വീതം** **(6 × 4=24)**

24. A) ഫ്രഞ്ച് പാർലമെന്റായ എസ്റ്റേറ്റ്സ് ജനറലിന്റെ ഘടന ടെന്നീസ് കോർട്ട് പ്രതിജ്ഞയ്ക്ക് വഴിയൊരുക്കിയതെങ്ങനെ? വ്യക്തമാക്കുക

**അല്ലെങ്കിൽ**

B) ഫ്രാൻസിൽ നിലനിന്നിരുന്ന ബൂർബൺ ഭരണകൂടത്തെ ഒന്നും രണ്ടും എസ്റ്റേറ്റുകൾ അനുകൂലിച്ചപ്പോൾ മൂന്നാമത്തെ എസ്റ്റേറ്റ് എതിർത്തത് എന്തുകൊണ്ട്?

25. ചുവടെ നൽകിയിരിക്കുന്ന ഭൂവിവരങ്ങൾ തിരിച്ചറിഞ്ഞ് നൽകിയിട്ടുള്ള ലോകഭൂപട രൂപരേഖയിൽ അടയാളപ്പെടുത്തുക.

A. ഇന്ത്യയിൽ സ്ഥിതി ചെയ്യുന്ന ഉഷ്ണമരുഭൂമി
B. ഉത്തരാർധഗോളത്തിൽ 55º മുതൽ 70º വരെ അക്ഷാംശങ്ങൾക്കിടയിൽ സ്ഥിതി ചെയ്യുന്ന കാലാവസ്ഥാമേഖല
C. ആഫ്രിക്കയിലെ ഉഷ്ണമേഖല പുൽമേട്
D. തെക്കേ അമേരിക്കയിൽ സ്ഥിതി ചെയ്യുന്ന ഉഷ്ണമരുഭൂമി

26. A) ഭൗതിക ഗുണനിലവാര സൂചിക കണ്ടെത്താനുള്ള സമവാക്യം എഴുതുക. സമവാക്യത്തിൽ നൽകിയിരിക്കുന്ന ഓരോ സൂചികകളും എന്താണെന്ന് വിശദമാക്കുക.

**അല്ലെങ്കിൽ**

B) വിവിധ വ്യാവസായികവിപ്ലവങ്ങൾക്ക് നിദാനമായ കണ്ടുപിടിത്തങ്ങളും അവയുടെ സവിശേഷതകളും വിശദമാക്കുക.

27. കുടുംബങ്ങളിൽ നടക്കുന്ന ചർച്ചകൾ കുട്ടികളിൽ ജനാധിപത്യ മൂല്യങ്ങൾ വളർത്തുന്നതിനും സാമൂഹിക വിഷയങ്ങളിൽ അഭിപ്രായങ്ങൾ രൂപപ്പെടുത്തുന്നതിനും സഹായകമാകുന്നതെങ്ങനെ?

28. സ്വതന്ത്ര ഇന്ത്യയിലെ ആദ്യകാല സർക്കാരുകൾ പൊതുമേഖലയെ ശക്തിപ്പെടുത്തുന്ന സാമ്പത്തിക നയമാണ് സ്വീകരിച്ചത്. ഉദാഹരണ സഹിതം പ്രസ്താവന സമർഥിക്കുക.

© State Assessment Cell SCERT Kerala

29. A) ഭൂകമ്പങ്ങൾ ദ്രുതചലനങ്ങളും ഫലക ചലനങ്ങൾ മന്ദചലനങ്ങളുമാണ്. ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ? വിശദമാക്കുക.

**അല്ലെങ്കിൽ**

B) അന്തർജന്യ ചലനങ്ങളും ബാഹ്യജന്യ ചലനങ്ങളും തമ്മിലുള്ള വ്യത്യാസമെഴുതുക. ഇവയ്ക്ക് കാരണമായ ഘടകങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുക.

**30, 31 ചോദ്യങ്ങൾക്ക് ഉത്തരം വിശദീകരിച്ച് എഴുതണം. 5 സ്കോർ വീതം (2 × 5=10)**

30. A) മഹാത്മാഗാന്ധി ഉൾപ്പെടെയുള്ള പ്രധാന നേതാക്കൾ ജയിലിലായിട്ടും ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം ഒരു ബഹുജന സമരമായി മാറിയത് എങ്ങനെയെന്ന് വിശദമാക്കുക.

**അല്ലെങ്കിൽ**

B) നവോത്ഥാനമെന്നത് പ്രാചീനകാലത്തിന്റെ പുനരുത്ഥാനമായിരുന്നോ? അതോ മധ്യകാലത്തിന്റെ നിഷേധമായിരുന്നോ? നവോത്ഥാനത്തിന്റെ പശ്ചാത്തലം വിശകലനം ചെയ്ത് നിങ്ങളുടെ വാദഗതികൾ രേഖപ്പെടുത്തുക.

31. A) ഉരുൾപൊട്ടൽ ഏതുതരം ബാഹ്യജന്യപ്രക്രിയയാണ്? കേരളത്തിന്റെ പല മലയോര പ്രദേശങ്ങളും ഉരുൾപൊട്ടൽ സാധ്യതാ മേഖലകളാണെന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എങ്കിൽ എന്തുകൊണ്ട്? ഉരുൾപൊട്ടലിന്റെ ആഘാത തീവ്രത കുറയ്ക്കാൻ നമുക്ക് എന്തെല്ലാം മാർഗങ്ങൾ സ്വീകരിക്കാം?

**അല്ലെങ്കിൽ**

B) ദൈനികതാപാന്തരം എന്നാലെന്ത്? ഒരു പ്രദേശത്ത് രേഖപ്പെടുത്തിയ ഉയർന്ന താപനില $32^o$ സെൽഷ്യസും കുറഞ്ഞ താപനില $17^o$ സെൽഷ്യസുമാണെങ്കിൽ ദൈനിക താപാന്തരം, ദൈനിക ശരാശരിതാപനില എന്നിവ കണക്കാക്കുക. തിരുവനന്തപുരം കാൺപൂർ എന്നീ നഗരങ്ങളിൽ ദൈനിക താപാന്തരം കുറവ് അനുഭവപ്പെടുന്നത് എവിടെയാണ്? എന്തുകൊണ്ട്?

© State Assessment Cell, SCERT Kerala